(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/1540/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad.kerala.gov.in

തീയ്യതി : 1-08-2017

ഡെപ്യൂട്ടി ഡയറക്ടർ,

കോഴിക്കോട്

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കൂത്താളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം: കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേ ണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെഎസ്.എ.കെ.കെ.ഡി.പി.4/1540/2017 തീയതി: 1-08-2017

കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18

എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 14.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5എണ്ണത്തിന് മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാ ത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദി ത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.രാജൻ.സി, ഡപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.07.2017 മുതൽ 22.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീമതി.സബിത.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷിപിൻ പീറ്റർ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.വിജേഷ്.കെ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അസ്സൻ കുട്ടി | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ജേക്കബ് ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.മുജീബ്.സി. | കൃഷി ഓഫീസർ | 01.04.2016മുതൽ 31.03.2017വരെ |
| ഡോ.ശബരീഷ്.എസ്സ്. | വെറ്റിനറി സർജ്ജൻ | 01.04.2016മുതൽ 31.03.2017വരെ |
| ഡോ.അഭിലാഷ്.ആർ.ജെ. | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2016മുതൽ 31.03.2017 വരെ |
| ഡോ.ബിന്ദു.ബി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2016മുതൽ 31.03.2017 വരെ |
| ശ്രീ.സജീഷ്.വി.കെ. | വി.ഇ.ഒ. | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.ക്ലാര.വി.ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീ.രാമകൃഷ്ണൻ.സി. | ഹെഡ്മാസ്റ്റർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.സൌദ.സി. | അസിസ്റ്റന്റ് എൻജിനീയർ | 01.04.2016മുതൽ 31.03.2017വരെ |
| ശ്രീമതി.ലീന.ടി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2016മുതൽ 31.03.2017വരെ |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ - പഞ്ചായത്ത് ഫണ്ടിന് നഷ്ടം. |
| 2-3 | തൊഴിൽ നികുതി പിരിച്ചതിലെ അപാകതകൾ. |
| 2-4 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല. |
| 2-5 | ഇ-ടെണ്ടർ - ടെണ്ടർ ഫീ, ഇ.എം.ഡി. എന്നയിനത്തിൽ ലഭിക്കുന്ന തുക തനതു ഫണ്ടിൽ വരവ് വെയ്ക്കുന്നില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച – വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക നഷ്ടമായി. |
| 3-2 | വികസന ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് നീക്കിയിരിപ്പ് ഉണ്ടായിരിക്കേ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ ജില്ല പഞ്ചായത്തിനു പ്രവൃത്തികൾ നടത്തുന്നതിനായി കൈമാറി. |
| 3-3 | ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡ് പൊതുമരാമ്മത്ത് വകുപ്പിന് കൈമാറി |
| 3-4 | എം.പി.ഫണ്ട്, എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല. |
| 3-5 | പശ്ചിമഘട്ട വികസന പദ്ധതി ഫണ്ട് വിനിയോഗിക്കാതെ തിരികെ അടവാക്കി. |
| 3-6 | നെൽകൃഷി കൂലിച്ചെലവ്-മാർഗ്ഗ രേഖാമാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. |
| 3-7 | കാർഷിക പദ്ധതികൾക്കായി ബ്ലോക്ക് വിഹിതം വകയിരുത്തിയത് ചെലവഴിച്ചില്ല. |
| 3-8 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. |
| 3-9 | കുടിവെള്ള പദ്ധതി പൈപ്പ് നീട്ടൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. |
| 3-10 | പദ്ധതി രൂപീകരിക്കാതെ എ.എം.സി ക്കായി തുക നൽകി |
| 3-11 | പെയിൻ & പാലിയേറ്റീവ് പദ്ധതി - മരുന്നിനായി തുക അടവാക്കിയെങ്കിലും ലഭ്യമായില്ല |
| 3-12 | സ്ഥിരം യാത്രബത്ത ലഭിക്കുന്നവർ വണ്ടി വാടകക്കായി പദ്ധതി പണം വിനിയോഗിച്ചു. |
| 3-13 | ആംമ്പുലൻസ് ഉടമസ്ഥാവകാശം ജില്ല കളക്ടർക്ക്. |
| 3-14 | സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകിയത് സംബന്ധിച്ച് |
| 3-15 | അംഗനവാടി പൂരക പോഷകാഹാരം പദ്ധതി -കേന്ദ്രവിഹിതം തനതുഫണ്ടിൽ ചെലവഴിക്കാതെ കിടക്കുന്നു. |
| 3-16 | ഐ.എ.വൈ. ഭവന പദ്ധതിയ്ക്ക് അധിക ധനസഹായം (എസ്.സി.)- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 3-17 | സറണ്ടർ ആനുകൂല്യങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല. |
| 3-18 | നിയമനാധികാരിയുടെ അനുമതിയില്ലാതെ പഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിച്ച് വേതനം നൽകുന്നു. |

| | |
|---|---|
| 3-19 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല |
| ഭാഗം 4 പൊതു വിവരങ്ങളും ഒഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 139/16-7, 23.03.2017 (പുതുക്കിയത്) |
|---|---|
| മുന്നിരിപ്പ് | 58,01,385 |
| വരവ് | 7,15,56,365 |
| ആകെ അടങ്കൽ വരവ് | 7,73,57,750 |
| ആകെ അടങ്കൽ ചെലവ് | 7,41,95,865 |
| നീക്കിയിരിപ്പ് | 31,61,885 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 07.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (രസീറ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26,60,390 |
| വരവ് | 2,84,63,894 |
| ആകെ | 3,11,24,284 |
| ചെലവ് | 2,82,90,463 |
| നീക്കിയിരിപ്പ് | 28,33,821 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 76,59,977 | 74,37,349 | 97.09 |
| വികസന ഫണ്ട്(എസ്.സി.പി) | 33,44,343 | 19,88,872 | 59.46 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 42,09,837 | 14,99,214 | 35.61 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 25,54,755 | 12,68,809 | 49.66 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 42,94,996 | 21,20,979 | 49.38 |
| ലോക ബാങ്ക് സഹായം | 2,22,99,124 | 7,38,589 | 3.3 |
| എം.എൻ.ആർ.ഇ.ജി.എസ് | 3,25,18,822 | 3,25,18,822 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 130 | 55 | --- | 75 | 42.30 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 18,11,301 | 5,74,622 | 31.72 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 14,77,970 | 7,89,644 | 53.42 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3 | 2 | 4,39,590 | 4,10,250 | 93.32 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 6,50,000 | 6,50,000 | 100 |
| വി.ഇ.ഒ. | 13 | 13 | 81,92,600 | 57,47,600 | 70.15 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 2 | 24,96,132 | 20,89,834 | 83.72 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1,00,000 | 1,00,000 | 100 |
| സെക്രട്ടറി | 16 | 11 | 30,83,545 | 17,57,999 | 57.01 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 15 | 3,63,69,811 | 36,50,912 | 10.03 |
| ഹെഡ്മാസ്റ്റർ | 3 | 2 | 6,43,235 | 5,17,500 | 80.45 |
| ആകെ | 130 | 55 | 5,52,64,184 | 1,62,88,361 | 29.47 |

## 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 13,12,644 | 15,64,918 | 2,52,274 | (+)19.21 |
| നികുതിയേതര വരവുകൾ | 2,88,907 | 2,98,210 | 9,303 | (+)3.2 |
| ആകെ | 16,01,551 | 18,63,128 | 2,61,577 | (+)16.33 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് മുഖേന വിതരണം നടത്തിയ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 168 | 2,58,960 |
| കർഷക തൊഴിലാളി പെൻഷൻ | 7708 | 68,49,330 |
| വിധവ പെൻഷൻ | 4540 | 70,70,820 |
| വികലാംഗ പെൻഷൻ | 1760 | 18,39,440 |
| വാർദ്ധക്യകാല പെൻഷൻ | 4068 | 79,90,525 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 208 | 2,57,830 |
| വിവാഹ ധനസഹായം | 3 | 90,000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2017ന് ഉച്ചക്ക് 03.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 702/-- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.05.2017 | 2017 ഏപ്രിൽ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.02.2010 മുതൽ 20.02.2011 വരെ | 2004-05 മുതൽ 2008-09 വരെ | എൽ.ബി.എ/എച്ച്.ക്യൂ/3/8 എ.154/659, 19.03.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ.

2016-17സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയൽ 705 വാണിജ്യ, വ്യവസായ കെട്ടിടങ്ങളുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 141 കെട്ടിടങ്ങളിൽ നിന്നും മാത്രമാണ് ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് പിരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ലൈസൻസ് ഫീസിനത്തിൽ ലഭ്യമായ തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.
2. അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലുൾപ്പെട്ട ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.
4. ബഡ്ജറ്റ് പ്രോവിഷൻ പ്രകാരമുള്ള തുക സാംഖ്യ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.
5. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം അടിസ്ഥാന വസ്തു നികുതി കണക്കാക്കുമ്പോൾ പരിഗണിക്കേണ്ട ഇളവുകളും വർദ്ധനവുകളും ഫോറം പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിച്ച രേഖകളുടേയും കെട്ടിട നമ്പറായി പഞ്ചായത്തിൽ സമർപ്പിച്ച രേഖകളുടേയും അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയപ്പോൾ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിശദാംശങ്ങൾ | രശീതി നമ്പർ | നികുതി കണക്കാക്കിയത് | യഥാർത്ഥത്തിൽ കണക്കാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | 11/34A<br>മുഹമ്മദ്.എൻ.എം<br>നടുവിലക്കണ്ടി മൂത്തൽ<br>പൈതോത്ത്<br>വിസ്തീർണ്ണം -154ച.മീ<br>11601100527<br>തീയതി-30/08/2016 | | അടിസ്ഥാന വസ്തു നികുതി-152x4=608/-<br>ഇളവ്- ദ്വിതീയം-10%=61<br>വർധനവ്-ഇല്ല<br>ആകെ-608-61=547<br>ലൈബ്രറി സെസ്സ്-28/-<br>നികുതി=527+28=575 | അടിസ്ഥാന വസ്തു നികുതി- 152x4=608/-<br>ഇളവ്- ദ്വിതീയം-10%=61<br>വർധനവ്-രണ്ടാം തരം റോഡ്-20%=122/-<br>ആകെ-608-61+122=669/-<br>ലൈബ്രറി സെസ്സ്-34/-<br>നികുതി=669+34=703/-<br>നികുതി നഷ്ടം=128/- |
| 2 | 11/312B<br>മണി.പി.ഐ<br>പടിഞ്ഞാറെ ഇല്ല പറമ്പിൽ<br>വിസ്തീർണം- 207 ച.മീ<br>34733/74<br>തീയതി16/12/2016 | | അടിസ്ഥാന വസ്തു നികുതി-207*4=828/-<br>ഇളവ്- ദ്വിതീയം-10%=83<br>വർധനവ്-ഇല്ല<br>ആകെ-828-83=745<br>ലൈബ്രറി സെസ്സ്-38/-<br>നികുതി=745+38=783/- | അടിസ്ഥാന വസ്തു നികുതി- 207*4=828/-<br>ഇളവ്- ദ്വിതീയം-10%=83<br>വർധനവ്-രണ്ടാം തരം റോഡ്-20%=166/-<br>200ച.മീ.കൂടുതൽ-10%=83<br>ആകെ-828-83+166+83 =994<br>ലൈബ്രറി സെസ്സ്-50/-<br>നികുതി=994+50=1044/-നികുതി നഷ്ടം=249+12=261/- |
| 3 | 5/432B<br>അബ്ദുൾ മുനീർ<br>അരീക്കൽ മീത്തൽ<br>തണ്ടോപ്പാറ<br>വിസ്തീർണം- 250ച.മീ.<br>94726100075<br>തീയതി-07/09/2016 | | അടിസ്ഥാന വസ്തു നികുതി-250*4=1000/-<br>ഇളവ്- ദ്വിതീയം-10%=100/-<br>വർധനവ്- രണ്ടാം തരം വഴി-20%=200/-<br>ആകെ-1000-100+200=1100/-<br>ലൈബ്രറി സെസ്സ്-55/-<br>നികുതി=1100+55= 1155/- | അടിസ്ഥാന വസ്തു നികുതി- 250*4=1000/-<br>ഇളവ്- ദ്വിതീയം-10%=100/-<br>വർധനവ്- തറവിസ്തീർണം- 10%=100, മേൽത്തരം തറ-15%=150<br>ആകെ-1000-100+100+150=1150/-<br>ലൈബ്രറി സെസ്സ്-58/-<br>നികുതി=1155+58=1213<br>നഷ്ടം=55+3=58/- |
| 4 | 8/238A<br>റഷീദ്.<br>എച്ചിക്കുന്നമ്മൽ<br>മേഞ്ഞാണ്യം | | അടിസ്ഥാന വസ്തു നികുതി-249*4=996/-<br>ഇളവ്- തൃദീയം-20%=199<br>വർധനവ്-ഇല്ല<br>ആകെ-996-199=797 | അടിസ്ഥാന വസ്തു നികുതി- 249*4=996/-<br>ഇളവ്- ദ്വിതീയം-10%= 100,<br>വർധനവ്-തറവിസ്തീർണം-10%=100/-,<br>ആകെ-996-100+100+996, |

| | | | |
|---|---|---|---|
| | വിസ്തീർണം-<br>വിസ്തീർണം- 249ച.മീ<br>94726100055<br>തീയതി-18/07/2016 | ലൈബ്രറി സെസ്സ്-40/-<br>നികുതി=797+40=837/- | ലൈബ്രറി സെസ്സ്-50/-<br>നികുതി=996+50=1046/-<br>നഷ്ടം=199+10=209/- |
| 5 | 1/44A<br>സമദ്<br>തച്ചോളി<br>കൂത്താളി<br>വിസ്തീർണം - 228ച.മീ<br>11601100650<br>തീയതി-26/09/2016 | അടിസ്ഥാന വസ്തു നികുതി-228*4=912/-<br>ഇളവ്- ഇല്ല<br>വർധനവ്-ഇല്ല<br>ലൈബ്രറി സെസ്സ്-46/-<br>നികുതി=912+46=958/- | അടിസ്ഥാന വസ്തു നികുതി- 228*4=912/-<br>ഇളവ്- ഇല്ല<br>വർധനവ്-രണ്ടാം തരം റോഡ്-20%=183/-, ആകെ-912+183=1095/-<br>ലൈബ്രറി സെസ്സ്-55/-<br>നികുതി=1095+55=1150/-നഷ്ടം=183+9=192/- |
| 6 | 4/200A<br>രവീന്ദ്രൻ<br>കരിമ്പില മൂലയിൽ<br>വിസ്തീർണം- 280ച.മീ<br>11601100675<br>തീയതി-27/09/2016 | അടിസ്ഥാന വസ്തു നികുതി-280*4=1120/-<br>ഇളവ്-തൃദീയം-20%=224/-,തറവിസ്തീർണം-10%=112/-,<br>വർധനവ്-ഇല്ല<br>ആകെ-1120-224-112=784/-<br>ലൈബ്രറി സെസ്സ്-40/-<br>നികുതി=784+40=824/- | അടിസ്ഥാന വസ്തു നികുതി- 280x4=1120/-<br>ഇളവ്-ദ്വിതീയം-10%=112/-,<br>വർധനവ്-തറവിസ്തീർണം-10%=112, രണ്ടാം തരം റോഡ്-20%=224/-,തറ നിർമ്മിതി-15%=168/-<br>ആകെ-1120-112+112+168+224=1512/-<br>ലൈബ്രറി സെസ്സ്-76/-<br>നികുതി=1512+76=1588/-<br>നഷ്ടം=728+36=764/- |
| 7 | ജിജി കുര്യാക്കോസ്<br>പഴയ പറമ്പിൽ<br>ചെമ്പനോട<br>വിസ്തീർണം-156.6ച.മീ<br>11601100303<br>തീയതി-24/06/2016 | അടിസ്ഥാന വസ്തു നികുതി-156.6x50=7830/-<br>ഇളവ്- മേൽക്കൂര-10%=783/-<br>വർധനവ്-വഴി സൗകര്യം-20%=1566/-<br>ആകെ-7830-783+1566=8613/-<br>ലൈബ്രറി സെസ്സ്-431/-<br>നികുതി=8613+431= 9044/- | അടിസ്ഥാന വസ്തു നികുതി- 156.6*50=7830/-<br>ഇളവ്- മേൽക്കൂര-10%=783/-<br>വർധനവ്-വഴി സൗകര്യം-30%=2349/-, ആകെ =7830-783+2349=9396/-<br>ലൈബ്രറി സെസ്സ്-470/-<br>നികുതി=9396+470=9866/- നഷ്ടം-783+39=822/- |
| ആകെ | | | 2434 രൂപ |

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്. 2434/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിച്ചതിലെ അപാകതകൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത്

പ്രദേശത്തിനുള്ളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുടെ ആകെ വരുമാനത്തിന് അനുസൃതമായ വിഭാഗത്തിൽ അയാളെ ഉൾപ്പെടുത്തി നികുതി ചുമത്തേണ്ടതാകുന്നു.

1. കുത്താളി ഹൈസ്കൂളിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. സുജാത. എച്.എസ്.എ. യുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. സ്ഥാപന മേധാവി സമർപ്പിച്ച പത്രിക പ്രകാരം ടിയാരി 01/06/2016 മുതൽ സ്കൂളിൽ ജോലിയിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.
2. വെങ്ങപ്പറ്റ ഗവ.ഹൈസ്കൂളിലെ ഹെഡ് മാസ്റ്റർ ശ്രീ.ബാലകൃഷ്ണൻ.വി.വി. യുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി 05/11/2017 നാണ് പഞ്ചായത്തിൽ അടവാക്കിയത്, എന്നാൽ പിഴ ഈടാക്കിയിട്ടില്ല.
3. കുത്താളി സർവീസ് സഹകരണ ബാങ്ക് സ്ഥാപന തൊഴിൽ നികുതിയായി രണ്ട് അർധവർഷത്തിലും 750/- രൂപ വീതമാണ് ഒടുക്കിയിട്ടുള്ളത്. ഇത് 1250/- രൂപ വീതം അടവാക്കേണ്ടതാണ്. പഞ്ചായത്തിനുണ്ടായ നഷ്ടം- 500+500=1000/-
4. ഗവ.യു.പി.സ്കൂൾ വെങ്ങപ്പറ്റയിലെ ശ്രീമതി.സാജിറ.കെ.എം, പാർട്ടൈം ജൂനിയർ ഹിന്ദി ടീച്ചർ 20/01/2017ന് വിടുതൽ ചെയ്ത് കായണ്ണ ഗവ.യു.പി.സ്കൂളിലേക്കും, ശ്രീ.കുഞ്ഞമ്മദ്.ടി.ടി, ഹെഡ്മാസ്റ്റർ 30/11/2016 ന് വിടുതൽ ചെയ്ത് കണ്ണിപറമ്പിൽ ഗവ.യു.പി.സ്കൂളിലേക്കും സ്ഥലം മാറ്റം ലഭിച്ച് പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർ ഈ ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത കാലയളവിലെ തൊഴിൽ നികുതി ഇവിടെ അടവാക്കിയിട്ടില്ല.

പഞ്ചായത്ത് ഫണ്ടിന് നിയമപരമായി ലഭിക്കേണ്ട നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും, നഷ്ടം വന്നിട്ടുണ്ടെങ്കിൽ തുക ഈടാക്കി ഓഡിറ്റിൽ രേഖകൾ സഹിതം (രശീതിയുടെ പകർപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്) പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്

## 2-4 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരം ഈടാക്കാവുന്ന ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജ്ജനം | 6,42,726 |
| വെള്ളക്കരം | 1,63,027 |
| തെരുവ് വിളക്ക് കത്തിക്കൽ | 78,144 |
| ആകെ | 8,83,897 |

നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കാവുന്ന സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-5 ഇ-ടെണ്ടർ - ടെണ്ടർ ഫീ, ഇനത്തിൽ ലഭിക്കുന്ന തുക തനതു ഫണ്ടിൽ വരവ് വെയ്ക്കുന്നില്ല.

28.09.2013 ലെ (എം.എസ്)318/13/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ്, 10.10.2013 ലെ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഡി.ബി.1/7942/10/സി.ഇ/ത.സ്വ.ഭ.വ. നം. കത്ത് എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺലൈൻ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ, ക്രെഡിറ്റ് ചെയ്യപ്പെടുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ 14 മരാമത്ത് പ്രവർത്തികൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ഇതുവഴി ലഭിച്ച 59,670/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് വരവ് വച്ചില്ല. ടെണ്ടർ ഫീ ഇനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള തുക

കണ്ടെത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ച ശേഷം സമയബന്ധിതമായി തുക വിട്ടുതൽ ചെയ്തു നല്കുന്നതിനുള്ള ഒരു നടപടിക്രമം സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാത്തതു കൊണ്ടാണ് ഗ്രാമപഞ്ചായത്തിന് അർഹമായ തുക ലഭിക്കാത്തത്. ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭിക്കേണ്ട തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച – വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക ചെലവഴിച്ചില്ല.

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത് അംഗീകാരം വാങ്ങിയ 130 പദ്ധതികളിൽ 55 പദ്ധതികൾക്ക് മാത്രമാണ് തുക ചെലവഴിച്ചത്. 75 പദ്ധതികൾ നടപ്പാക്കിയില്ല. പദ്ധതികൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു. (വിശദാംശങ്ങൾ ഐ.കെ.എം. ചെലവ് പത്രികയിൽ നിന്നും ശേഖരിച്ചത്)

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 82,69,538 | 74,37,349 | 8,32,189 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 49,99,576 | 19,88,872 | 30,10,704 |
| 3 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 51,37,787 | 14,99,214 | 36,38,573 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 40,37,817 | 12,68,809 | 27,69,008 |
| 5 | ധനകാര്യ കമ്മീഷൻ അവാർഡ് | 49,22,244 | 21,20,979 | 28,01,265 |
| 6 | **ലോക ബാങ്ക് സഹായം | 2,22,99,124 | 7,38,589 | 2,15,60,535 |
| 7 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,00,000 | ---- | 2,00,000 |
| 8 | ജില്ല പഞ്ചായത്ത് വിഹിതം | 5,00,000 | | 5,00,000 |
| 9 | മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം | 5,00,000 | | 5,00,000 |
| 10 | കേന്ദ്രാവിഷ്കൃത ഫണ്ട് | 19,32,210 | 10,22,353 | 9,09,857 |
| 11 | തനത് ഫണ്ട് | 5,78,210 | 1,26,001 | 4,52,209 |
| 12 | മറ്റുള്ളവ | 18,87,678 | 86,195 | 18,01,483 |
| | ആകെ | 5,52,64,184 | 1,62,88,361 | 3,89,75,823 |

(** ലോക ബാങ്ക് ധനസഹായം 2,00,00,000/- രൂപ തുടർ വർഷത്തിലും ഉപയോഗിക്കാം)

മേൽ കണക്കുകളിൽ നിന്നും പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 3,89,75,823/- രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ വിവരിച്ചവയിൽ ക്രമ നം. 1 മുതൽ 6 വരെയുള്ള തുക ഗ്രാമപഞ്ചായത്തിനു നഷ്ടമായിട്ടുണ്ട്. നിർവ്വഹണ സാധ്യതയില്ലാത്ത പദ്ധതികൾക്ക് തുക വകയിരുത്തിയതും, പദ്ധതികൾ പുതുക്കി അംഗീകാരം വാങ്ങുന്നതിന് കാലതാമസം വരുത്തിയതും തൻവർഷം വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് തടസ്സമാകുകയും ചെയ്തിട്ടുണ്ട്. അപാകതൾ പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ്.

### 3-2 വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ നീക്കിയിരിപ്പ് ഉണ്ടായിരിക്കേ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ ജില്ല പഞ്ചായത്തിനു പ്രവൃത്തികൾ നടത്തുന്നതിനായി കൈമാറി.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകൾ കോഴിക്കോട് ജില്ലപഞ്ചായത്തിനു വിട്ടുകൊടുക്കുവാൻ ഭരണസമിതി താഴെ പറയുന്ന തീയ്യതികളിൽ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റോഡിന്റെ പേര് | നീളം (കി.മീ) | വീതി (മീറ്റർ) | ഭരണസമിതി യോഗ തീരുമാനം, തീയ്യതി |
|---|---|---|---|---|
| 1 | കരുവാക്കണ്ടി - മാമ്പളി റോഡ് | 3.5 | 6 | 175/16-17, 22.03.2016 |
| 2 | കണ്ണോത്ത് സ്കൂൾ - പാറാടി കുന്ന് റോഡ് | 1.2 | 6 | |

| | | | | |
|---|---|---|---|---|
| 3 | താനിക്കണ്ടി മാമ്പളി റോഡ് | 1.3 | 6 | |
| 4 | തോട്ടത്തിൽ വലിയ മറ്റം റോഡ് | .7 | 6 | |
| 5 | കടയാട്ടു - കരിമ്പലമൂല മഹിമ റോഡ് | 4 | 6 | |
| 6 | കല്ലുവരത്ത് പക്ഷിപ്പറമ്പ് റോഡ് | 3 | 6 | |
| 7 | കുത്താളി പനക്കാട് കോടേരിച്ചാൽ റോഡ് | 5 | 6 | |
| 8 | കരുവത്തുകണ്ടി - ചായികുളം കോക്കാട് റോഡ് | 3 | 6 | |
| 9 | ട്രാൻസ്ഫോർമർ മുണ്ടോട്ടിൽ റോഡ് | .5 | 6 | |
| 10 | പൈരോത്തും - ആശാരിമുക്ക് കോടേരിച്ചാൽ റോഡ് | --- | --- | 81/16(5), 30.11.2016 |

1. ആസ്തി രജിസ്റ്റർ പ്രകാരം ക്രമ നം.2, 8 എന്നിവ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായിട്ടുള്ളൂ. മറ്റ് റോഡുകളുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് നിക്ഷിപ്തമായതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.
2. 11.01.2016 ലെ (എം.എസ്) 4/2016/ ത.സ്വ.ഭ.വ. നം ഉത്തരവ് അനുബന്ധം. ഖണ്ഡിക 11.15 പ്രകാരം മൺപണി ഉൾപ്പെടുന്ന റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അതിനു വേണ്ട മൺപണി തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യേണ്ട രീതിയിലും, മെറ്റലിംഗ് ടാറിംഗ് തുടങ്ങിയവ വികസന ഫണ്ട് വകയിരുത്തി ചെയ്യുന്ന രീതിയിലും തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടുകളിൽ (എം.എൻ.ആർ.ഇ.ജി.എസ്. ഉൾപ്പെടാതെ) 64,02,462/- രൂപ ഉപോയഗിക്കാൻ കഴിയാതെ ലാപ്സായി പോയിട്ടുണ്ട്. പ്രസ്തുത തുക പഞ്ചായത്തിനു ലഭ്യമായിരിക്കേ ജില്ല പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് കൈമാറിയത് വിശദീകരിക്കേണ്ടതാണ്.

   (ഫണ്ട് വിശദാംശങ്ങൾ ഐ.കെ.എം. ചെലവ് പത്രികയിൽ നിന്നും ശേഖരിച്ചത്)

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 82,69,538 | 74,37,349 | 8,32,189 |
| 2 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 40,37,817 | 12,68,809 | 27,69,008 |
| 3 | ധനകാര്യ കമ്മീഷൻ അവാർഡ് | 49,22,244 | 21,20,979 | 28,01,265 |
| | | | ആകെ | 64,02,462 |

3. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 ആറാം ഉപവകുപ്പ് പ്രകാരം മൂന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും വസ്തുവകകളും സർക്കാർ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണെന്ന് അനുശാസിച്ചതിന്റെ അടിസ്ഥാനത്തിലാണ് റോഡുകളടക്കമുള്ള വസ്തുവകകളും സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നതും അവയുടെ സംരക്ഷണവും നടത്തിപ്പും നിക്ഷിപ്തമാവുന്നതും. മേൽ വകുപ്പിലെ ഉപവകുപ്പ് (8) പ്രകാരം ഗ്രാമപഞ്ചായത്തിന് സർക്കാർ കൈമാറുന്ന വസ്തുവകകൾ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്തുവാനോ കടപ്പെടുത്തുവാനോ അധികാരം ഉണ്ടായിരിക്കുന്നതല്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനോ കയ്യൊഴിക്കാനോ പാടുള്ളതല്ലെന്ന് അനുശാസിച്ചിട്ടുണ്ട്. ആയത് സംരക്ഷിക്കുന്നതിനായി മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി സമർപ്പിക്കേണ്ടതാണ്.

## 3-3 ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തി നടത്താൻ കൈമാറി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും വിശദമാക്കിയിട്ടുണ്ട്. ടി വകുപ്പിലെ ആറാം ഉപവകുപ്പ് പ്രകാരം മൂന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും വസ്തുവകകളും ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണെന്ന് അനുശാസിച്ചതിന്റെ അടിസ്ഥാനത്തിലാണ് റോഡുകളടക്കമുള്ള വസ്തുവകകളും സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നതും അവയുടെ സംരക്ഷണവും നടത്തിപ്പും നിക്ഷിപ്തമാവുന്നതും. മേൽ പറഞ്ഞ വകുപ്പിലെ ഉപവകുപ്പ് (8) പ്രകാരം ഗ്രാമപഞ്ചായത്തിന് സർക്കാർ കൈമാറുന്ന വസ്തുവകകൾ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്തുവാനോ കടപ്പെടുത്തുവാനോ ഗ്രാമപഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതല്ല.

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനോ കയ്യൊഴിക്കാനോ പാടുള്ളതല്ലെന്ന് അനുശാസിച്ചിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിലെയും, ചട്ടങ്ങളിലെയും നിർദ്ദേശങ്ങൾ പാലിക്കാതെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡ് പൊതുമരാമ്മത്ത് വകുപ്പിന് വിട്ടുകൊടുക്കുവാൻ

തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റോഡിന്റെ പേര്, നീളം | ഭരണസമിതി യോഗ തീരുമാനം, തീയ്യതി |
|---|---|
| ഗ്രാമം ബസ് സ്റ്റോപ്പ് -കണ്ണിപൊയിൽ റോഡ് | 48/16-17, 08.08.2016 |
| പി.ഡബ്ല്യു.ഡി. പേരാമ്പ്ര അസിസ്റ്റന്റ് എഞ്ചിനീയറുടെ 25.07.2016ലെ ഡി.2/35/15-16 നം. കത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച റോഡിൽ പണി നടത്തുന്നതിന് കൈമാറുവാൻ തീരുമാനിച്ചു | |

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-4 എം.പി.ഫണ്ട്, എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിച്ച് സമഗ്ര പദ്ധതികൾ രൂപീകരിക്കുന്നില്ല.

11.01.2016ലെ (എം.എസ്)04/16/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ) ഖണ്ഡിക. നമ്പർ 6.11.1.VI. പ്രകാരം തദ്ദേശഭരണ സ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവസമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതാത് തദ്ദേശഭരണ സ്ഥാപങ്ങൾ ഉൾകൊള്ളുന്ന നിയോജകമണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. (ഖണ്ഡിക നം.6.11.1.VI.) എന്നാൽ മേൽ രീതിയിലെ പ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളിൽ എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് വിവിധ മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് പദ്ധതി രൂപീകരണമില്ലാതെയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവർത്തിയുടെ പേര് | കൺവീനറുടെ പേര് | ചെലവ് തുക | വൌച്ചർ നം, തീയ്യതി | ഫണ്ട് തരം |
|---|---|---|---|---|
| കൈപ്പംകണ്ടി - മുണ്ടകുറ്റി - മാണിക്കോത്ത് റോഡ് | ശ്രീ.സജി കുമാർ | 5,66,038 | 21600118, 24.05.2016 | എം.പി., എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് |
| പൂവ്വാറ – ഏറംതോട്ടം ഫുട്ട്പാത്ത് | ശ്രീ.പി.സുരേന്ദ്രൻ | 1,71,697 | 21600232, 26.07.2016 | |
| മോയാർ കുന്ന് എസ്.സി. കോളനി ചുറ്റമതിൽ | ശ്രീ.രവീന്ദ്രൻ | 50,000 | 21600419, 30.09.2016 | |

പ്രസ്തുത പ്രവൃത്തികളുടെ കൺവീനർമാരെ പഞ്ചായത്ത് ഭരണസമിതി തന്നെ നേരിട്ട് തെരഞ്ഞെടുത്ത് ശുപാർശ ചെയ്തതാണ്. 1994 ലെ കേരള പഞ്ചാത്ത് രാജ് നിയമം 3എ(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യേണ്ടത് ഗ്രാമസഭയുടെ അധികാരങ്ങളിലും, ചുമതലകളിലും, അവകാശങ്ങളിലും പെടുന്നവയാണ്. എന്നാൽ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടാതെയാണ് മേൽ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. ഫണ്ട് വിനിയോഗം സംബന്ധിച്ചും പഞ്ചായത്ത് പരിധിയിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചും ശരിയായ വിവരം ലഭ്യമായിരുന്നിട്ടും മേൽ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽപെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 പശ്ചിമഘട്ട വികസന പദ്ധതി ഫണ്ട് വിനിയോഗിക്കാതെ തിരികെ അടവാക്കി.

കേരളത്തിൽ സഹ്യാദ്രിയുടെ ചരിവുപ്രദേശങ്ങളിലെ 600 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഭാഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളാണ് പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുന്നത്. കാർഷിക വാണിജ്യ വിളകളുടെ ഉൽപാദനത്തിൽ ഗണ്യമായ പങ്കുള്ള ഭൂപ്രദേശമെന്ന നിലയ്ക്ക് സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക രംഗത്ത് പശ്ചിമഘട്ട പ്രദേശം സുപ്രധാന പങ്കു വഹിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം, പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതിവികസനം തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള സമഗ്ര വികസനം ലക്ഷ്യം വെച്ച് കൊണ്ടുള്ളതാണ് പശ്ചിമഘട്ട വികസനപദ്ധതി. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ 05.10.2002ലെ ജി.ഒ.(എം.എസ്)43/02/പ്ലാനിങ്ങ് പ്രകാരവും 01.06.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച മാർഗ്ഗരേഖ 30.4.2014ലെ (എം.എസ്)നം.16/14/പ്ലാനിങ്ങ് പ്രകാരവും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ നീർത്തടം പ്രദേശങ്ങളുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട കർമ്മ പരിപാടികൾ, വിവിധ നീർത്തടാധിഷ്ഠിത പദ്ധതികൾക്കാവശ്യമായ ധനസഹായം, സംഘടന സംവിധാനങ്ങൾ, നിർവ്വഹണ ഏജൻസി തുടങ്ങിയവ ഉൾപ്പെടുത്തി തയ്യാറാക്കേണ്ട റിപ്പോർട്ടിന്റെ (Detailed Project Report) അടിസ്ഥാനത്തിൽ പദ്ധതിക്കായുള്ള ഫണ്ട്

ലഭ്യമാകും. ഫണ്ട് ലഭ്യതയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മേഖലാ മുൻഗണന | | ഫണ്ട് ലഭ്യത | |
|---|---|---|---|
| നീർത്തട വികസനം | 80% | പശ്ചിമ ഘട്ട പദ്ധതി വിഹിതം | 80% |
| വനപ്രദേശത്തിനായുള്ള പദ്ധതികൾ | 10% | ഗ്രാമപഞ്ചായത്ത് വിഹിതം | 10% |
| ഭരണചെലവുകൾ, ഗവേഷണം, പരിശീലനം, മോണിറ്ററിങ്ങ് മുതലായവ | 10% | ഗുണഭോക്തൃ വിഹിതം | 10% |

പശ്ചിമ ഘട്ട വികസന പദ്ധതി മാർഗരേഖ പ്രകാരം നിർവ്വഹണ ഉത്തരവാദിത്തം ഗ്രാമ പഞ്ചായത്തിനും കൃഷി ഓഫീസർക്കുമാണ്. ഇതിനായി 80% പശ്ചിമഘട്ട വികസന പദ്ധതി വിഹിതവും, 10% ഗ്രാമ പഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃവിഹിതം എന്നിങ്ങനെയാണ് ഫണ്ട് ലഭ്യമാക്കുന്നത്. പദ്ധതി 3 വർഷംകൊണ്ടാണ് പൂർത്തിയാക്കേണ്ടതെങ്കിലും അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാത്തതിനാൽ നീക്കിയിരിപ്പായ തുക 4,39,777/- രൂപ തിരികെ അടവാക്കി.

ഒരു ചെറിയ പ്രദേശത്ത് നടപ്പിലാക്കുന്ന മേൽ പദ്ധതി പ്രാദേശിക സമൂഹങ്ങളിൽ വലിയ മാറ്റങ്ങൾ പ്രകടിപ്പിക്കുമായിരുന്നു. വിഭവങ്ങളുടെ സാദ്ധ്യതകളും പരിമിതികളും വേർതിരിച്ചറിയൽ, പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, ആസ്തികളുടെ സംരംക്ഷണം എന്നിവയിലൊക്കെ ജനപങ്കാളിത്തം രൂപപെടുത്തുവാൻ കഴിയുന്നതാണ്. കൃത്യമായ ഫലങ്ങൾ ലഭിക്കുന്നതിനാൽ ജനങ്ങളിൽ കൂടുതൽ വിശ്വാസം വളർത്താനും കഴിയുമായിരുന്ന പദ്ധതിക്ക് ലഭ്യമായ തുക ഫലത്തിൽ നിഷ്ക്രിയ ആസ്തിയെയാണ് സൃഷ്ടിച്ചത്. കൃഷി, മൃഗസമ്പത്ത്, ജലസേചനം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിൽ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് സാമ്പത്തിക, ഭൌതിക, സാമൂഹ്യ ഘടകങ്ങൾ ഒരുക്കുന്നതിനു സഹായകരമാകേണ്ട പദ്ധതി പൂർണ്ണമായും നടപ്പാക്കാതിരുന്നത് അംഗീകരിക്കാവുന്നതല്ല. പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 നെൽകൃഷി കൂലിച്ചെലവ്-മാർഗ്ഗ രേഖാമാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്റ്റ് നം - എസ് 00 94/17

അടങ്കൽ തുക – 60,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക - 44,160/- ബിൽ നം-1/16-17/27.03.2017.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ 11.01.2016 ലെ സ.ഉ.(എം.എസ്) നം.4/2016/ത.സ്വ.ഭ.വ., പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ച മാനദണ്ഡങ്ങളായ വിള ഇൻഷ്വറൻസ് കർഷകർ മുൻകൂറായി അടയ്ക്കണമെന്നതും, ജില്ലപഞ്ചായത്തു വിഹിതം വകയിരുത്തണമെന്നതും പാലിച്ചിട്ടില്ല. കൂടാതെ ഡിപ്പാർട്ട്മെന്റ് സ്കീമിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 26പേർക്ക് ധനസഹായം നല്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മേല്പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-7 കാർഷിക പദ്ധതികൾക്കായി ബ്ലോക്ക് വിഹിതം ലഭിച്ചത് ചെലവഴിച്ചില്ല.

1)ജൈവ പച്ചക്കറിയ്ക്ക് കൂലിചെലവ്

പ്രോജക്റ്റ് നം - എസ്0095/17

അടങ്കൽ തുക -2,00,000/- (1,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 1,00,000/- ബ്ലോക്ക് വിഹിതം)

ചെലവ് തുക - 18,800/- (ബിൽ നം-4/16-17/28.03.2017)

2)ഇടവിളക്കിറ്റ് വിതരണം(വനിത)

പ്രോജക്റ്റ് നം-എസ്0085/17

അടങ്കൽ - 300000/-{1,25,000/-വികസന ഫണ്ട്, 1,00,000/-ബ്ലോക്ക് വിഹിതം, 75,000/-ഗുണഭോക്തൃ വിഹിതം.}

ചെലവ് - 66,375/- (ബിൽ നം-7/16-17/29.03.2017)

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പദ്ധതികളിൽ വകയിരുത്തിയ ബ്ലോക്ക് ഷെയർ 2,00,000/-രൂപ ചെലവഴിക്കാതെ പഞ്ചായത്തിന്റെ പ്രത്യേക ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. വികസനഫണ്ട് വകയിരുത്തിയതു പോലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബ്ലോക്ക് ഷെയർ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-8 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം - എസ്0098/17

അടങ്കൽ തുക - 10,00,000/- (വികസനഫണ്ട്, എസ്.സി.പി)

ചെലവ് തുക – 5,50,000/-

(4,00,000/- 24/16-17, 08.03.2017, 1,00,000/- 29/16-17, 22.03.2017, 50,000/- 34/16-17, 30.03.2017)

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി 10 പേർക്ക് ധനസഹായം നല്കിയതിൽ ഒരാളൊഴികെ ബാക്കിയെല്ലാവരും അഡ്വാൻസ് തുക 50,000/- രൂപ വീതം കൈപ്പറ്റിയിട്ട് നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | തുക |
|---|---|---|
| 1 | പദ്മനാഭൻ, അമ്പലപ്പറമ്പിൽ, പേരാമ്പ്ര. | 50,000/- |
| 2 | റീനപ്രകാശൻ, തണ്ടോറപ്പാറ, തണ്ടോറപ്പാറ (പി.ഒ) | 50,000/- |
| 3 | പി.ടി.അശോകൻ, പുള്ളുവൻ തറമ്മേൽ, കൂത്താളി. | 50,000/- |
| 4. | ഓമനക്കുട്ടൻ, ഈരാഞ്ഞിമേൽ, കൂത്താളി | 50,000/- |
| 5. | രാജീവൻ, പേരാമ്പ്ര എടത്തിൽ | 50,000/- |
| 6. | ദിനേശൻ, നീട്ടൂളിമീത്തൽ | 50,000/- |
| 7 | അസിൻ.സി.രാജ്, കിഴക്കേടത്ത് മീത്തൽ | 50,000/- |
| 8. | ലിനീഷ് കുമാർ, മേലപ്പാടിചാലിൽ | 50,000/- |
| 9. | രാമകൃഷ്ണൻ, കുളപ്പുറത്ത് താഴെകുനിയിൽ | 50,000/- |
| 10. | വിജയൻ, കുന്നുകണ്ടി മീത്തൽ | 50,000/- |
| | ആകെ | 5,00,000/- |

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ എത്രയും വേഗം പണിപൂർത്തീകരിയ്ക്കുവാൻ വേണ്ട നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-9 കുടിവെള്ള പദ്ധതി പൈപ്പ് നീട്ടൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പദ്ധതി പേര്, നം.- ഈരാഞ്ഞിമ്മൽ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ - 02/17

ഫണ്ട് തരം - വികസന ഫണ്ട് (എസ്.സി.പി)

ചെലവ് തുക – 2,00,000/- (ബിൽ നം.722/16-17, 09.03.2017)

ഗ്രാമപഞ്ചായത്തിലെ ഈരാഞ്ഞിമ്മൽ കേളനി പ്രദേശവാസികളുടെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി 2,02,753/- രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി നിർവ്വഹണത്തിനായി 2,00,000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡപ്പോസിറ്റ് ചെയ്തു. 10.02.2017 ലെ ഡി.6-443/2016 നം കത്തിലൂടെ കേരള വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർ അയച്ചു തന്ന കത്തിലൂടെ പദ്ധതി പ്രവർത്തനങ്ങളുടെ റഫ് എസ്റ്റിമേറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക ഡപ്പോസിറ്റ് ചെയ്തത്. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 11.01.2016 ലെ (എം.എസ്)04/2016/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് ഖണ്ഡിക 6.15(x)(ബി)(സി), അനുബന്ധം.7.11 (v) എന്നിവ പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ തുക നൽകുമ്പോൾ പ്രസ്തുത പ്രവൃത്തിക്കുള്ള വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതും, പദ്ധതി തയ്യാറാക്കി അംഗീകരിച്ചു കഴിഞ്ഞാൽ കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടേണ്ടതും കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക അനുവദിക്കാവൂ. എന്നാൽ മേൽ നടപടികൾ സ്വീകരിക്കാതെയാണ് തുക അനുവദിച്ചത്.
2. ഖണ്ഡിക 12.1 പ്രകാരം പട്ടിക ജാതിക്കാരുടെ വികസനത്തിനു വേണ്ടി ഓരോ തദ്ദേശ സ്ഥാപനവും പദ്ധതി തയ്യാറാക്കുമ്പോൾ 2010-11ലെ പട്ടിക ജാതി വിഭാഗത്തെ സംബന്ധിച്ച സർവ്വേയുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ കുടുംബങ്ങളേയും, പ്രദേശത്തേയും നിശ്ചയിച്ച് (കുറഞ്ഞത് 5 കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെ ഒരു സങ്കേതമായി കണക്കാക്കണം) പദ്ധതി നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളുടെ വിലാസം പട്ടിക സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർക്കണം. പ്രസ്തുത സാമൂഹ്യ ഭൂപടം പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സർട്ടിഫൈ ചെയ്യിരിക്കണം. എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള 2,00,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചത്. പ്രവൃത്തി നിർവ്വഹണ കാലാവധി നിർണ്ണയിച്ച് കൃത്യമായ കരാറിലേർപ്പെടാതിരുന്നതിനാൽ പദ്ധതി നടത്തിപ്പ് അകാരണമായി നീട്ടികൊണ്ടു പോകുന്നതിനെതിരെ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിന് സാധിക്കില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയാണ്. ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അകാരണമായ

കാലതാമസം വരുത്തുന്നത് നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നതിനെ ഉപകരിക്കൂ. ആയതിനാൽ നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച തുകയിൽ വർദ്ധനവ് വരുത്താതെയും, നിലവിൽ അംഗീകരിച്ച് എസ്റ്റിമേറ്റൽ മാറ്റം വരുത്താതെയും നിർമ്മാണം കാലതാമസം കൂടാതെ തീർക്കേണ്ടതാണ്. പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് ഓഡിറ്റിൽ അറിയിക്കുന്നത് വരെ ചെലവ് തുക 2,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ക്രമ നം.2 പ്രകാരമുള്ള പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 പദ്ധതി രൂപീകരിക്കാതെ എ.എം.സി ക്കായി തുക നൽകി

ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറുകൾ, 1 kva യു.പി.എസ്, 2 kva യു.പി.എസ്, 5 kva യു.പി.എസ് എന്നിവയുടെ അറ്റകുറ്റ പണികൾ വാർഷികാടിസ്ഥാനത്തിൽ നടത്തുന്നതിനായി കെൽട്രോണിന് താഴെ പറയുന്ന തരത്തിൽ തനത് ഫണ്ട് നൽകിയിട്ടുണ്ട്.

| പ്രവർത്തിയുടെ പേര്, | വൗച്ചർ നമ്പർ, തീയ്യതി | ചെലവ് തുക |
|---|---|---|
| എ.എം.സി വെയ്ക്കൽ - (കെൽട്രോൺ) | 21600087, 05.05.2016 | 18,901 |
| | 21600445, 04.10.2016 | 32,150 |
| | ആകെ | 51,051 |

11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് ഖണ്ഡിക.12.7 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനരീതികൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 51,051/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 പെയിൻ & പാലിയേറ്റീവ് പദ്ധതി - മരുന്നിനായി തുക അടവാക്കിയെങ്കിലും ലഭ്യമായില്ല

പദ്ധതി പേര്, നം : പെയിൻ & പാലിയേറ്റീവ് ഹോം കെയർ, 75/16-17

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ തുക : 3,74,590/- രൂപ (വികസന ഫണ്ട്)

ചെലവ് തുക : 3,74,590/-രൂപ

| | ബിൽ നം, തീയ്യതി | തുക |
|---|---|---|
| 1 | 1/16-17, 24.10.2016 | 50,000 |
| 2 | 2/16-17, 24.10.2016 | 83,968 |
| 3 | 3/16-17, 14.11.2016 | 23,280 |
| 4 | 4/16-17, 23.12.2016 | 22,280 |
| 5 | 5/16-17, 24.01.2017 | 23,720 |
| 6 | 6/16-17, 22.02.2017 | 21,300 |
| 7 | 7/16-17, 18.13.2017 | 29,228 |
| 8 | 8/16-17, 30.13.2017 | 1,20,814 |
| ആകെ | | 3,74,590 |

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മേൽ വിവരിച്ച ബില്ല് (നം.8)പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ കോർപ്പറേഷനിൽ 90,000/- രൂപ അടവാക്കിയെങ്കിലും ഓഡിറ്റ് കാലയളവ് വരേയും ആയത് ലഭ്യമായിട്ടില്ല. 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം. 6(3) പഞ്ചായത്തിൽ ഏതെങ്കിലും സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ അതിനു

വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, സാധനങ്ങൾ ലഭ്യമാകേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. എന്നാൽ പ്രസ്തുത രീതിയിലുള്ള കരാർ പത്രം തയ്യാറാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ചത്.

01.07.2017 മുതൽ രാജ്യത്ത് ജി.എസ്.ടി. നടപ്പാക്കിയതിനാൽ സപ്ലൈ ചെയ്യുന്ന മരുന്നുകൾക്ക് അധിക നിരക്കിൽ നികുതി നൽകേണ്ടി വരും. ആയതിനാൽ തന്നെ സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള നിരക്കിൽ മരുന്നുകൾ സപ്ലൈ ചെയ്യാൻ കഴിയുകയില്ല. ഇതിനാൽ ഡിസ്പെൻസറിയിലേക്ക് ആവശ്യപ്പെട്ട അളവിൽ മരുന്നുകൾ ലഭ്യമാവില്ല. വിതരണ കാലാവധി നിർണ്ണയിച്ച് കൃത്യമായി കരാറിലേർപ്പെടാതിരുന്നതിനാൽ കേരള മെഡിക്കൽ കോർപ്പറേഷൻ മരുന്നുകൾ സപ്ലൈ ചെയ്യുന്നത് അകാരണമായി നീട്ടികൊണ്ടു പോകുന്നതിനെതിരെ നടപടികൾ സ്വകരിക്കുവാൻ പഞ്ചായത്തിന് സാധിക്കില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയാണ്. ആയതിനാൽ നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച തുകയിൽ വർദ്ധനവ് വരുത്താതെയും, ഇൻവോയ്സ് പ്രകാരമുള്ള അളവിലും നിരക്കിലും മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുകയിൽ ബിൽ നം.8 പ്രകാരമുള്ള 1,20,814/- രൂപയിൽ 90,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 ആംബുലൻസ് ഉടമസ്ഥാവകാശം ജില്ല കളക്ടർക്ക്.

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ബഹു. എം.എൽ.എ. ശ്രീ.കുഞ്ഞഹമ്മദ് (പേരാമ്പ്ര നിയോജക മണ്ഡലം) എന്നവരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ആംബുലൻസ് വാങ്ങി നൽകിയിട്ടുണ്ട് (വാഹന നം. കെ.എൽ.11.എ.പി.9999, മാരുതി ഓമ്നി). പ്രസ്തുത ആംബുലൻസ് നിലവിലും കോഴിക്കോട് ജില്ല കളക്ടറുടെ പേരിലാണ് മോട്ടോർ വാഹന വകുപ്പിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ആരോഗ്യ വകുപ്പിലെ പ്രവർത്തനങ്ങൾക്കായിട്ടാണ് എം.എൽ.എ. ഫണ്ടിൽ നിന്നും വാഹനം വാങ്ങിയത്. ആയതിനാൽ തന്നെ പ്രസ്തുത വാഹനം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. എന്നാൽ നിലവിലും വാഹനത്തിന്റെ രജിസ്ട്രേഷൻ കോഴിക്കോട് ജില്ല കളക്ടറുടെ പേരിലാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം വാങ്ങുമ്പോൾ വകുപ്പ് തലത്തിൽ സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരിൽ നിന്നും അനുമതി ലഭ്യമാക്കണം. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിക്കാതെയാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം കൈപ്പറ്റിയത്. (21.06.2016 ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ എച്ച്.റ്റി.2/ 32671/2014/ആ.കു.ഡ. നം.സർക്കുലർ കണ്ടാലും). ആംബുലൻസിന്റെ ഉടമസ്ഥത വകുപ്പ് ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകിയത് സംബന്ധിച്ച്.

നിർവ്വഹണം: ഹെഡ്മാസ്റ്റർ

പ്രോജക്ട് പേര്/നമ്പർ :എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ, 80/16-17

അടങ്കൽ തുക – 3,00,000/- (വികസന ഫണ്ട്)

ചെലവ് തുക – 3,00,000/- (ബിൽ. നം.1/16-17, 28.02.2017)

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും മേൽ വിവരിച്ച തരത്തിൽ തുക പിൻവലിച്ച് എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ അനുവദിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 11.01.2016ലെ(എം.എസ്)04/2016/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പുതുക്കിയ പദ്ധതി മാർഗ്ഗരേഖ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.
2. എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിലുള്ള വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് തുക 3,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 അങ്കണവാടി പൂരക പോഷകാഹാരം പദ്ധതി – കേന്ദ്രവിഹിതം തനതുഫണ്ടിൽ ചെലവഴിക്കാതെ കിടക്കുന്നു.

2016-17 വർഷം മുൻബാക്കിയുൾപ്പടെ കേന്ദ്രവിഹിതത്തിൽ 9,22,101/- രൂപയാണ് പഞ്ചായത്ത് രജിസ്റ്റർ പ്രകാരമുള്ളത്. എന്നാൽ തൻവർഷം 1,28 474/- രൂപ മാത്രമാണ് മേൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്.ബാക്കിയുള്ള 7,93 627/- പഞ്ചായത്ത് തനതുഫണ്ടിൽ അവശേഷിയ്ക്കുന്നു. 03.09.2010ലെ സർക്കാർ ഉത്തരവ് നം -39033/ ഡി.സി.2/2010/ത.സ്വ.ഭ.വ.യിൽ പറയും പ്രകാരം പൂരകപോഷകാഹാര പരിപാടിയിൽ ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിയ്ക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ /സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്നു നിഷ്കർഷിയ്ക്കുന്നു. ആയത് മേൽപദ്ധതിയ്ക്കായി ചെലവഴിയ്ക്കേണ്ടതാണ്.

## 3-15 ഐ.എ.വൈ. ഭവന പദ്ധതിയ്ക്ക് അധിക ധനസഹായം (എസ്.സി.)- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം-എസ്0134/17

അടങ്കൽ തുക - 4,40,000/- (വികസന ഫണ്ട്)

ചെലവ് തുക - 4,40,000/- (ബിൽ നം-15/16-17/23.01.2017)

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് 4,40,000/- രൂപ (ddno.-024724/24.01.2017) കൈമാറിയെങ്കിലും പദ്ധതി പണം വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതുവരെ തുക താത്കാലികമായി തടസ്സപ്പെടുത്തുന്നു.

## 3-16 സറണ്ടർ ആനുകൂല്യങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സറണ്ടർ ആനുകൂല്യം കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | കൈപ്പറ്റിയ തുക | വൌച്ചർ നം, തീയ്യതി |
|---|---|---|---|
| 1 | ശ്രീ. ബാലചന്ദ്രൻ.ടി.കെ. | 30,029 | 21600013, 02.04.2016 |
| 2 | ശ്രീ.ബാബു.എം.കെ. | 22,783 | |
| 3 | ശ്രീ.മുരളീദാസ്.സി. | 22,200 | |
| 4 | ശ്രീമതി.തങ്കം.കെ. | 6,392 | 21600014, 02.04.2016 |
| 5 | ശ്രീ.കുട്ടികൃഷ്ണൻ | 7,208 | |
| 6 | ശ്രീ.ചന്ദ്രൻ | 32,944 | 21600041, 11.04.2016 |
| 7 | ശ്രീമതി.സോണിയ.പി. | 37,329 | 21600390, 22.09.2016 |
| 8 | ശ്രീ. സുമേഷ്.കെ. | 32,315 | |
| ആകെ | | 1,91,200 | |

അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും, മേൽ വിവരിച്ച ജീവനക്കാരുടെ സറണ്ടർ ആനുകൂല്യം കൈപ്പറ്റിയത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തി പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ചെലവ് തുക 1,91,200/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-17 നിയമനാധികാരിയുടെ അനുമതിയില്ലാതെ പഞ്ചായത്തിൽ നിയമനം നടത്തുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ

പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്. ഇപ്രകാരത്തിലുള്ള നിയമനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും വേതനം നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| തസ്തിക | ആകെ അനുവദിച്ച വേതനം |
|---|---:|
| ഡാറ്റ എൻട്രി ഓപ്പറേറ്റർ | 2,07,655 |
| ഡ്രൈവർ | 1,70,700 |
| ആകെ | 3,78,355 |

പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകുന്ന ജീവനക്കാരെ നിയമിക്കുമ്പോൾ വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് കാര്യാലയത്തിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതും ഈ നിയമനം സുതാര്യവും ചട്ടപ്രകാരവുമായിരിക്കേണ്ടതുമാണ്.

## 3-18 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള ആശുപത്രികളിൽ (ആരോഗ്യം, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---:|---|---|---:|
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | ഇടവിള കിറ്റ് വിതരണം, 85/16-17 | ---- | 1,00,000 |
| | 1,00,000 | ജൈവ പച്ചക്കറിക്ക് കൂലി ചെലവ്, 95/16-17 | ---- | 1,00,000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര്, നം | ബിൽ നം, തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---:|---|---:|
| കേരള വാട്ടർ അതോറിറ്റി | ഈരാഞ്ഞിമ്മൽ കോളനി പൈപ്പ് ലൈൻ നീട്ടൽ, 02/17 | 722/16-17, 09.03.2017 | 2,00,000 | | 2,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്, | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ അടവാക്കാൻ ശേഷിക്കുന്ന തുക | തൻവർഷത്തെ തിരിച്ചടവ് | | അടവാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവന പദ്ധതി | ----- | 38,27,400 | 7,91,059 | ---- | 30,36,341 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-3 | 2005-06 | 70.2.3 | ക്യാഷ് ബുക്ക് പൂർണ്ണമല്ല | ലഭ്യമല്ല |
| 2002-03 | 3-1 | 2005-06 | 70.1.1.2 | പാവടിക്കുന്നുമ്മൽ താഴെ നടപ്പാത നിർമ്മാണം | ലഭ്യമല്ല |
| 2002-03 | 3-9 | 2005-06 | 70.3..1 | വനിതാ തൊഴിൽ പരിശീലനം | ലഭ്യമല്ല |
| 2002-03 | രേഖപ്പെടുത്തിയില്ല | 2005-06 | 70.9.1 | തൊഴിൽ രഹിത വേതനം അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം | ലഭ്യമല്ല |
| 2001-02 | 3-3 | 2005-06 | 70.9.3 | തൊഴിൽ രഹിത വേതനം അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം | ലഭ്യമല്ല |
| 2001-02 | 2-1 C,D | 2005-06 | 70.11.6 | വരവ് രജിസ്റ്റർ,പെറ്റി ക്യാഷ് ബുക്ക് പൂർണ്ണമല്ല | ലഭ്യമല്ല |
| 2002-03 | 2 | 2005-06 | 70.14.2 | നികുതി പിരിക്കുന്നതിലെ അലംഭാവം-കുടിശ്ശിക വർധിക്കുന്നു | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,84,63,894 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,82,90,463 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,434 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,16,411 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-2 | 2,434 | | ശ്രീ.ജേക്കബ് ജോർജ്ജ്, സെക്രട്ടറി |
| ആകെ | 2,434 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 44,160 | ശ്രീ.മുജീബ്.സി, കൃഷി ഓഫീസർ |
| 3-9 | 2,00,000 | ശ്രീ.ജേക്കബ് ജോർജ്ജ്, സെക്രട്ടറി |
| 3-10 | 51,051 | ശ്രീ.ജേക്കബ് ജോർജ്ജ്, സെക്രട്ടറി |
| 3-11 | 90,000 | ശ്രീ. സജീവ്.വി.കെ, വി.ഇ.ഒ |
| 3-13 | 3,00,000 | ശ്രീ.രാമകൃഷ്ണൻ.സി, ഹെഡ്മാസ്റ്റർ |
| 3-15 | 4,40,000 | ശ്രീ.സജീവ്.വി.കെ, വി.ഇ.ഒ. |
| 3-16 | 1,91,200 | ശ്രീ.ജേക്കബ് ജോർജ്ജ്, സെക്രട്ടറി |
| ആകെ | 13,16,411 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജേക്കബ് ജോർജ്ജ്, സെക്രട്ടറി | സെക്രട്ടറി, കൂത്താളി ഗ്രാമപഞ്ചായത്ത് | നെടിയിരിപ്പിൽ, പന്നിയങ്കര, കല്ലായി (പി.ഒ), കോഴിക്കോട്.673614 |
| ഡോ.അഭിലാഷ്.ആർ.ജെ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>പ്രാഥമികാരോഗ്യ കേന്ദ്രം, കൂത്താളി | അക്ഷയ, എച്ച്.പി.പ്രെട്രോൾ പമ്പിനു സമീപം, കാലിക്കറ്റ് സർവ്വകലാശാല (പി.ഒ)<br>മലപ്പുറം |
| ശ്രീ.രാമകൃഷ്ണൻ, ഹെഡ്മാസ്റ്റർ | റിട്ടയർഡ് | കരിംമ്പത്തികണ്ടി,<br>ചേനോളി.(പി.ഒ), പേരാമ്പ്ര, കോഴിക്കോട് |
| ശ്രീ.മുജീബ്.സി.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൂത്താളി ഗ്രാമപഞ്ചായത്ത് | ചാലങ്ങാട്ട്, നന്മണ്ട (പി.ഒ)<br>കോഴിക്കോട്.673613 |
| ശ്രീ.സജീവ്.വി.കെ.<br>വി.ഇ.ഒ. | വി.ഇ.ഒ.<br>കൂത്താളി ഗ്രാമപഞ്ചായത്ത് | വലിയപറമ്പത്ത് കണ്ടി,<br>കോട്ടൂർ (പി.ഒ), കോഴിക്കോട്.673614 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി4-133/11 dt.3.3.2011 | 1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി4-189/11 dt.3.3.2011 | 2 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി4-1807/2014(1)2.5.2015 | 2 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി4-946/11(2) dt.26.07.2011 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി4-1807/2014(2) തീയ്യതി 2.5.2015 | 3 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി4-1807/2014(3) തീയ്യതി 2.5.2015 | 4 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015 (1) dt.02.05.2015 | 8 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015(2) dt.02.05.2015 | 10 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി4105/2015(2) dt.02.05.2015 | 4 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015 dt.02.05.2015 | 7 |
| 2011-12<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി4-105/2015(5) dt.02.05.2015 | 12 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി പി.4/438/2017 തീയ്യതി 6-5-2017 | 10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി.4/2180/17 തീയ്യതി 7-12-2016 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം **1**</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.കെ.കെ.ഡി.പി.4 /1540 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി.1. 08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് കുത്താളി

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P4 /1540 /2017.

Kerala State Audit Department

District Audit Office

Civil Station, Kozhikode

Ph. 0495 – 2371012

Dated.01 .08.2017

Audit Certification.

Certified thaht I have audited the Annual Financial Statement of Koothali Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Koothali Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.